# *എഴുത്തിലെ ചഞ്ചല സ്വരങ്ങൾ:*
# *ലക്ഷ്യവും ലക്ഷണവും*

**(മൂന്ന് ഭാഗങ്ങളിൽ)**

**ഭാഗം 3**

*[വിചാരവേദിയിലെ ചർച്ച അവസാനിക്കുന്നു.]*

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

## 7
## ഞാനെന്ന എഴുത്തുകാരൻ

**എന്തിന്** എഴുതുന്നെന്ന് എഴുത്തുകാരൻ തന്നോടുതന്നെ ചോദിക്കുമ്പോൾ കിട്ടുന്ന ഉത്തരം, തന്റെ എഴുത്തിന്റെ ലക്ഷ്യം പരോക്ഷമായി പ്രഖ്യാപിക്കുന്നു. പലപ്പോഴും വ്യക്തമായ ലക്ഷ്യം പ്രത്യക്ഷീഭവിക്കണമെന്നില്ല. ലക്ഷ്യനിഗൂഢത പ്രഥമദൃഷ്ടിയിലെ ചർമ്മബാഹ്യശല്ക്കത്തെ ചുരണ്ടിനോക്കിയാൽ മാത്രമേ കണ്ടെത്താനാകൂ. ഈ ചോദ്യത്തിന് ഉത്തരം പറയുന്ന എഴുത്തുകാരൻ, മനസ്താപത്തിന്റെ താപത്തിലും പശ്ചാത്താപത്തിന്റെ താപത്തിലും, കുമ്പസാരത്തിനു മുന്നോടിയായി പ്രകരണം ചൊല്ലി സ്വയം ഏറ്റുപറയുന്ന വാക്കുകൾക്കൊണ്ട് തനിക്കുതന്നെ പ്രായശ്ചിത്തം വിധിക്കുകയായിരിക്കാം.

**കാവ്യഭാഷയിലാകട്ടെ** സോദാഹരണ ഉദീരണം:

- **ഋതുചക്രതാളം** തെറ്റാൻ കാത്തുനിൽക്കുന്ന അണ്ഡാശയത്തിന്റെ ആക്രോശങ്ങൾ ഗൃഹവായുവിൽ ജൽപനങ്ങളാക്കുന്ന, ആശയസംയോഗ ഗർഭത്തിന്റെ പെൺപ്പിറപ്പിടിവെട്ടോ, എഴുത്ത്!

- **വികലമായ** വിശ്വാസങ്ങൾ വിസർജ്ജിക്കുന്ന മറപ്പുരയിലെ ദുർഗന്ധമോ, എഴുത്ത്!

- **ആഗോളവലയിൽ** അനുഭവങ്ങൾ ഖനനം ചെയ്ത് സൂര്യവെളിച്ചത്തിനായി വാക്കുകൾ ഊടും പാവും തീർത്ത് മനനം ചെയ്യുന്ന നെയ്ത്തുവേലയോ, എഴുത്ത്!

- **ഏതോ** അദൃശ്യശക്തി ചെവിയിൽ നിരന്തരം മുഴക്കുന്ന വാഗ്ധോരണിയുടെ സാഗരഗർജ്ജന മനോരോഗമോ, എഴുത്ത്!

- **ഒരു** കൈകൊണ്ട് തലോടലും മറുകൈകൊണ്ട് തല്ലലും പരിശീലിക്കുന്ന ഗുസ്തിയോ, എഴുത്ത്!

- **അച്ചടിമഷിയിൽ** കുളിച്ചു തോർത്തിക്കയറിയ ഡയറിക്കുറിപ്പിലെ ഹൃദയാക്ഷരങ്ങൾ, വർഷങ്ങൾക്കുശേഷം പുന:സംഗമത്തിൽ "ഇതെഴുതിയത് ഞാനോ" എന്ന ആശ്ചര്യചിഹ്നത്തിന്റെ അടിരേഖാബിന്ദുവിനെ അതിശയത്തോടെ കാണുന്ന തുറുങ്കണ്ണിന്റെ പ്രകൃതിയോ, എഴുത്ത്!

- **കാലത്തുണർന്നു** നോക്കുമ്പോൾ ഓർക്കാൻ കഴിയാത്ത രാസ്വപ്നവും, കണ്ണുതുറന്ന് വിദൂരതയിൽ ദൃഷ്ടിയർപ്പിച്ച് മായാവിലാസ ഗേഹത്തിൽ ഉതിർക്കുന്ന ദിവാസ്വപ്നവും, ഏതോ ധന്യനിമിഷത്തിൽ പുനർനിർമ്മിതി നടത്തുന്ന പുനരുൽപ്പാദന സർഗ്ഗമോ, എഴുത്ത്!

- **ഒരേ** വെള്ളം ഒഴുകാത്ത സങ്കടപ്പുഴയിലെ തീർത്ഥം കുടിനീരാക്കുന്ന തീർത്ഥാടകന്റെ വെളിപാടിന്റെ വചനമോ, എഴുത്ത്!

- **ആദ്യമദ്ധ്യാന്തങ്ങൾ** ഉണ്ടായിട്ടും വിറ്റഴിയാത്ത ഉൽപ്പന്നത്തിന്റെ വിപണിയിലെ പ്രസക്തിക്കു പണിപ്പെടുന്ന പകർത്തുകാരന്റെ പണിയായുധമോ, എഴുത്ത്! ... ... ...

**എല്ലാമായിരിക്കാം.** ഒന്നുമല്ലായിരിക്കാം. എനിക്കറിയില്ല!

## ഒന്നെനിക്കറിയാം:

ആരെയും വെട്ടാനോ,
ആരെയും വെട്ടിവീഴ്ത്താനോ,

ആരെയും വെട്ടിലാക്കാനോ,
ആരെയും വെട്ടിക്കാനോ
ആരെയും വെറുക്കാനോ,
ആരെയും വേട്ടയാടാനോ
ഞാൻ എഴുത്താണി കൂർപ്പിക്കുന്നില്ല.

**എന്റെ** എഴുത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഉറപ്പായും അതല്ല. ആത്മനിഷ്ഠതയുടെ അതിപ്രസരലക്ഷണം ചിന്തയുടെ പ്രതിഫലനം മാത്രം. എന്റെയും മറ്റുള്ളവരുടെയും അനുഭവം, നിങ്ങളറിഞ്ഞ അനുഭവം ഞാനറിഞ്ഞ് എഴുതുകയാണെന്ന് തെറ്റിദ്ധരിക്കാനിടയുണ്ടെന്ന് അറിഞ്ഞിട്ടും ഭയപ്പാടില്ലാതെ മനക്കണ്ണാടിയുടെ മുഖം കാണിക്കുന്നു.

**ഞാൻ** മുദ്രാവാക്യങ്ങൾ എഴുതിയിട്ടുണ്ട്.
**മാതാവിനെക്കുറിച്ച്** സ്തുതിഗീതം കുറിച്ചിട്ടുണ്ട്.
**പാറേമക്കാവമ്മയും** തിരുവമ്പാടി കൃഷ്ണനും സ്വർണ്ണവെയിലിൽ നെറ്റിപ്പട്ടത്തിളക്കത്തിൽ വിളങ്ങുന്ന പൂരശ്ശോഭയെ പ്രകീർത്തിച്ചിട്ടുണ്ട്.
**പരസ്യവായനയ്ക്കുള്ള** നോട്ടീസുകൾ തീർത്തിട്ടുണ്ട്.
**അച്ചടിപ്പരസ്യത്തിനും,** ഉച്ചഭാഷിണിയിൽ ഒച്ചയോടെ വിളിച്ചുചൊല്ലുന്നതിനും വരികൾ വരഞ്ഞിട്ടുണ്ട്.
**വട്ടമിട്ടിരിക്കുന്ന** ആൾക്കൂട്ടത്തിനു നടുവിലിരുന്ന് ഹാസ്യാനുകരണക്കവിതകൾ അനിച്ഛാപ്രചോദതമായ നൈമിഷികതയോടെ ചൊല്ലിക്കൊടുത്തിട്ടുണ്ട്.
**കൂട്ടുകാരുടെ** കുട്ടിനാടകങ്ങൾക്ക് ഗാനങ്ങൾ രചിച്ചിട്ടുണ്ട്.
**പത്രമാഫീസ്സിൽ** വാർത്താശകലങ്ങൾ എഴുതിത്തിരുത്തിയിട്ടുണ്ട്.
**പുസ്തകങ്ങളും** തീസിസ്സുകളും തയ്യാറാക്കിയിട്ടുണ്ട്.
**മൌലിക** ശാസ്ത്രലേഖനങ്ങളും ശാസ്ത്രക്കുറിപ്പുകളും ശാസ്ത്രവാർത്തകളും ശാസ്ത്രഗ്രന്ഥങ്ങളും, ഒറ്റയ്ക്കും കൂട്ടത്തോടെയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.
**സിനിമയെയും** നാടകത്തെയും ശാസ്ത്രീയ സംഗീതത്തെയും കുറിച്ച് നിരൂപണവും അവലോകനവും നടത്തിയിട്ടുണ്ട്.
**സാഹിതീഭാഷയിൽ** നിരന്തരം കത്തിടപാടുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

**കഥയും** കവിതയും കഥാകവിതയും കവിതാകഥയും ലേഖനവും വിതച്ചു വിളയിച്ചു കൊയ്തിട്ടുണ്ട്.

**അവയെഴുതുമ്പോഴൊന്നും** സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ച് ഞാൻ ചിന്തിച്ചിട്ടില്ല. ആശയത്തെ ശിൽപ്പഭംഗിയുള്ള കൂട്ടിൽ സമർപ്പിക്കാനേ ആശിച്ചിട്ടുള്ളൂ.

**എന്തായാലും** ഒന്നുറപ്പാണ്: സമൂഹത്തിൽ ജീവിച്ച്, സമൂഹത്തിലേക്ക് ഉറ്റുനോക്കി, സമൂഹത്തിന്റെ മിടിപ്പറിഞ്ഞ് എഴുതുമ്പോൾ സാമൂഹ്യപ്രതിബദ്ധത താനേ വരും. അത് തിരിച്ചറിയാൻ സാമാന്യ ബോധത്തിനപ്പുറം സവിശേഷവിവേകം സ്വതസ്സിദ്ധമായി ആർജ്ജിച്ചിരിക്കണമെന്നു മാത്രം!

## 8
## എഴുത്തിന്റെ പരമ ലക്ഷ്യം

**എഴുത്തിന്റെ** ലക്ഷ്യാന്വേഷണം നമ്മെ ജീവിതത്തിന്റെ ലക്ഷ്യത്തിലേക്ക് നയിക്കുന്നു. തലച്ചോറിലെ വൈദ്യുത തരംഗങ്ങൾ നിലച്ചാൽ നമ്മുടെ അസ്തിത്വം നാം അറിയാതാവുന്നു.

**ചോദ്യങ്ങൾ** ചോദിക്കൽ തത്ത്വചിന്തയുടെ പ്രയോഗരീതിയാണ്. ഉപനിഷത്തുക്കളോളം ആഴത്തിൽ ചിന്തിച്ച ഒരു ബോധധാര ലോകത്തിലില്ല. അതിന്റെ വക്താക്കളും പ്രയോക്താക്കളും ഉപഭോക്താക്കളും ഈ സത്യം സാക്ഷ്യപ്പെടുത്തും.

**ദൈവത്തിനെ** എന്നും അന്വേഷിക്കുന്ന മനുഷ്യൻ ഉൽപ്പത്തിയുടെ മൂലം തിരയുന്ന പ്രശ്നകാരികയിലെ ചോദ്യങ്ങൾ മറ്റൊരുതരത്തിൽ ആവർത്തിക്കുന്നു.

4.56 **ബില്ല്യൻ** വർഷങ്ങൾക്കു മുമ്പുണ്ടായ ബിഗ് ബേങ്ങെന്ന ആകസ്മികതയിലൂടെയുള്ള സൌരയൂഥത്തിന്റെ ജനനം ഒരു നാഴികക്കല്ല്.

ആധുനിക ജ്യോതിശാസ്ത്രജ്ഞർ ഇന്നും ചോദിക്കുന്ന ചോദ്യത്രിത്വം ഇവയാണ്:

**എന്തുകൊണ്ടാണ്** ശൂന്യതയ്ക്കു പകരം ഈ വസ്തുക്കൾ: ഞാനും നിങ്ങളും സകല സർവ്വചരാചരങ്ങളും?

**ബിഗ്** ബേങ് നടന്നപ്പോഴും ശേഷവും എന്തു സംഭവിച്ചു?

**ബിഗ്** ബേങിനു മുമ്പ് എന്തായിരുന്നു?

**അവസാന** ചോദ്യത്തിന് ഉത്തരമില്ല. ഉത്തരം കിട്ടാത്തതെന്തും നാം ദൈവത്തിന് വിട്ടുകൊടുക്കുന്നു. അല്ലെങ്കിൽ അതാണ് വേദാന്തദേവസങ്കല്പം. അറിവ് നമ്മുടെ ദൈവത്തെ വളർത്തുന്നു. ദൈവത്തെ പൂർണ്ണതയോടെ അറിയുന്നതുവരെ നാമും എഴുത്തിന്റെ ലക്ഷ്യം ഒരു തുടരന്വേഷണമാക്കുക!

**(അവസാനിച്ചു)**